**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2001** **11-10-2021 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളിലെ മുങ്ങിമരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലാശയങ്ങളിൽ മുങ്ങിമരിക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ജലാശയങ്ങളിൽ മുങ്ങി മരണപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ജലാശയങ്ങളിൽ മുങ്ങിമരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ കൊടുത്തിരിക്കുന്നു. 2019 - 1473 2020 -1266 2021 - 1013 (03.10.2021 വരെ) |
| (സി) | ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകളും ബോധവൽക്കരണവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വരുന്ന ആളുകൾ ജലാശയത്തിന്റെ അപകടകരമായ മേഖലകളിൽ ഇറങ്ങാതിരിക്കുന്നതിന് സുരക്ഷാവേലികൾ സ്ഥാപിക്കുന്നതിനും അപായ സൂചന നൽകുന്ന സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയും ബോട്ടുകളിലും മറ്റും യാത്ര ചെയ്യുന്നവർക്ക് ലൈഫ് ജാക്കറ്റുകൾ നിർബന്ധമാക്കിയും, സ്കൂളുകളും മറ്റും കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ